**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** **18-09-2025 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പെരിന്തൽമണ്ണ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂളക്കുഴി നഗറിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചു. ഒറവിങ്ങൽ നഗറിന്റെ 60% പ്രവർത്തികളും മരുതംപാറ നഗറിന്റെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഒഴികെയുള്ള പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) | 2026 മാർച്ച് 31 നകം പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മരുതൻപാറ പട്ടികജാതി സദ്ഗ്രാമത്തിൽ നിർമ്മാണത്തിലിരിക്കെ തകർന്നു വീണ കെട്ടിടത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ? | (സി) | മരുതംപാറ നഗറിലെ കമ്മ്യൂണിറ്റി ഹാൾ പ്രവർത്തി പുനരാരംഭിച്ചിട്ടുണ്ട്. 2026 മാർച്ച് 31നകം പൂർത്തീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ